(ബി) ഇതുപ്രകാരം അമ്പലപ്പാറയിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ പാറ്റേൺ പ്രകാരം ഡോക്ടർമാരെ നിയമിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) 3 ഡോക്ടർമാരുടെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്.

(ബി&സി) ഉണ്ട്.

ചെറുപ്പ് ഹെൽത്ത് യൂണിറ്റിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നടപടി

107 (2235) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം മണ്ഡലത്തിലെ മാവൂർ പഞ്ചായത്തിലെ ചെറുപ്പ് ഹെൽത്ത് യൂണിറ്റിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ മുടങ്ങിക്കിടക്കുന്ന ഐ.പി. വിഭാഗം പുനരാരംഭിക്കാൻ എന്തൊക്കെയാണ് തടസ്സങ്ങൾ ഉള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് ഗവൺമെന്റ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിന്റെ ഭരണച്ചുമതല ആർക്കാണ് ;

(ഇ) ഇതിന്റെ പ്രവർത്തനം ഒരു ഏജൻസിയുടെ കീഴിലാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ജീവനക്കാരുടെ അപര്യാപ്തതയും യഥാസമയം കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താത്തതുമാണ് കിടത്തി ചികിത്സ മുടങ്ങാൻ കാരണമായിട്ടുള്ളത്. 25-6-2003-ൽ ജില്ലാ മെഡിക്കൽ ഓഫീസർ സ്ഥാപനം സന്ദർശിച്ച് 9-7-2003-നകം ഐ. പി. പുനരാരംഭിക്കണമെന്ന് മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകുകയും ഇതിനുവേണ്ട സ്റ്റാഫിനെ നിയമിച്ചുകൊണ്ട് ഉത്തരവു നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) ചെറുപ്പ് ഹെൽത്ത് യൂണിറ്റിന്റെ ഭരണച്ചുമതല മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിനും, ഓഫീസർ-ഇൻ-ചാർജ് ഒഴികെയുള്ള എല്ലാ ജീവനക്കാരും ആരോഗ്യ വകുപ്പിന്റെ കീഴിലുമാണ്. പഞ്ചായത്ത് രാജ് നിയമ പ്രകാരം ഈ സ്ഥാപനം കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നതുമാണ്.

(ഇ) ഇതു സംബന്ധിച്ച നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly